بسم الله الرحمن الرحيم



# മുസ്‌ലിം ഉമ്മത്ത് മുഹമ്മദീ മസീഹിനെ സ്വീകരിക്കുന്നകാലം അടുത്തെത്തിയിരിക്കുന്നു

'**ജ**ബ്ബാര്‍' എന്ന പദം അല്ലാഹുവിന്റെ സത്തയെക്കുറിച്ചും മനുഷ്യരെക്കുറിച്ചും പറയുമ്പോഴുള്ള വ്യത്യാസത്തെ സംബന്ധിച്ച് കഴിഞ്ഞ ഖുത്വ്ബയില്‍ ഞാന്‍ വിശദീകരിച്ചിരുന്നു. അല്ലാഹുവിനെ സംബന്ധിച്ച് ഈ പദം ഉപയോഗിക്കുമ്പോള്‍ അതിന്റെ അര്‍ത്ഥം 'പരിവര്‍ത്തനകാരി' എന്നാണ്. രണ്ട് സുജൂദിന്റെ ഇടയിലിരിക്കുമ്പോള്‍ ഒരു പ്രാര്‍ത്ഥന ചൊല്ലാന്‍ നബി (സ) നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം ചെയ്യുന്നു. നബി(സ) രണ്ട് സുജൂദുകള്‍ക്കിടയില്‍ ഇങ്ങനെ പ്രാര്‍ത്ഥിക്കാറുണ്ടായിരുന്നു.

***റബ്ബിഗ്ഫിര്‍ലീ വര്‍ഹംനീ വജ്ബുര്‍നീ വറുസ്ഖിനീ വര്‍ഫഅ്നീ***

എന്റെ റബ്ബേ, എനിക്ക് പൊറുത്തുതന്നാലും. എന്നില്‍ കരുണ ചെയ്താലും. അലങ്കോലമായിപ്പോയ എന്റെ പ്രവൃത്തി നന്നാക്കിത്തന്നാലും. എനിക്ക് ഉപജീവനം നല്കിയാലും. എന്റെ പദവികള്‍ ഉയര്‍ത്തിയാലും. അതായത്, '***വജ്ബുര്‍നീ***' എന്നതിന്റെ അടിസ്ഥാനത്തില്‍ എന്റെ ആത്മീയവും ഭൗതികവും എന്നല്ല എന്തെന്തെല്ലാം കാര്യങ്ങളുണ്ടോ അതിലെല്ലാം എന്നെ പരിഷ്കരിച്ചാലും. എന്റെ എല്ലാ പ്രവൃത്തികളും അതുമുഖേന ചെയ്യിച്ചുകൊണ്ടേ പോകേണമേ.

ഈ ദുആ തീര്‍ച്ചയായും റസൂല്‍കരീം(സ) നമ്മെ പഠിപ്പിച്ചത്, അല്ലാഹുവിന്റെ ഈ സിഫത്തിനെ മുന്നില്‍ വച്ചുകൊണ്ട്, സ്വന്തം പരിഷ്കരണത്തിനായും അല്ലാഹുവിനോട് ചോദിക്കാനാണ്. മനുഷ്യര്‍ ദൈവത്തെ മറന്നുകൊണ്ട് അതിരുലംഘിക്കുന്നവരും അതിക്രമം പ്രവര്‍ത്തിക്കുന്നവരും രാജ്യദ്രോഹികളും ധിക്കാരികളും ആയിത്തീര്‍ന്ന് ഈ പദത്തിന്റെ അര്‍ത്ഥം വഹിക്കുന്നവരായിത്തീരുമ്പോള്‍, ആ അവസ്ഥയില്‍നിന്ന് രക്ഷപ്പെടാന്‍ ശ്രമിക്കേണ്ടതാണ്; പ്രത്യേകിച്ച് നബിമാരെ എതിര്‍ക്കുന്നവരുടെ കൂട്ടത്തില്‍നിന്ന് രക്ഷപ്പെടണം.

ഇപ്പോള്‍ ഞാന്‍ പരിഷ്കരണത്തെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ അല്പം ഇല്‍ഹാമുകളും ഉദ്ധരണികളും സമര്‍പ്പിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഒരു ഇല്‍ഹാമാണ്, ***തൂബൂ വ അസ്‌ലിഹൂ വ ഇലല്ലാഹി തവജ്ജഹൂ***. പശ്ചാത്തപിച്ചു മടങ്ങുക, ആജ്ഞാലംഘനത്തില്‍നിന്നും കുറ്റകൃത്യത്തില്‍നിന്നും നിഷേധത്തില്‍നിന്നും പാപത്തില്‍നിന്നും പിന്‍വാങ്ങുക. സ്വന്തം അവസ്ഥ നന്നാക്കിത്തീര്‍ക്കുക. അല്ലാഹുവിലേക്ക് ശ്രദ്ധിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെ ചെയ്ത തര്‍ജമയാണിത്. ഈ ഇല്‍ഹാം 1883ലുണ്ടായതാണ്. അതായത് ബയ്അത്ത് വാങ്ങാന്‍ തുടങ്ങിയതിന് ഏകദേശം ആറു വര്‍ഷം മുമ്പേ, അക്കാലത്തെക്കുറിച്ചുള്ള ചിത്രീകരണമാണ് ഇതിലുള്ളത്; സ്വന്തം പരിഷ്കരണത്തിനായി അല്ലാഹുവിലേക്ക് തിരിയുക. അക്കാലത്തും, ദീനിനോട് അനുകമ്പ പുലര്‍ത്തുന്നവര്‍ ഇസ്‌ലാമിന്റെ അവസ്ഥ കണ്ട് ചിന്താകുലരായിരുന്നു. കാലത്തിന്റെ പരിഷ്കരണത്തിനായി അല്ലാഹു അയക്കേണ്ട അവന്റെ ഈ ഫയല്‍വാന്‍ (ജരിയുല്ലാഹ്) മുഖേന, അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന, ആത്മാര്‍ത്ഥതയോടുകൂടി അല്ലാഹുവിലേക്ക് തിരിയുക എന്ന സന്ദേശം നല്കി. അല്ലാഹുവിന്റെ കാരുണ്യം ആവേശത്തിമിര്‍പ്പില്‍ വന്നുകഴിഞ്ഞിരിക്കുന്നു. പ്രവചനം ചെയ്യപ്പെട്ട പരിഷ്കര്‍ത്താവ്, പ്രവചനത്തില്‍ പറയപ്പെട്ട മസീഹും മഹ്ദിയും വാദം പുറപ്പെടുവിക്കാന്‍ പോകുകയാണ്. അദ്ദേഹം വന്നുകഴിഞ്ഞാല്‍ നിഷേധിക്കരുത്. ഇന്ന് ആശങ്ക പ്രകടിപ്പിക്കുന്ന മുസ്‌ലിംകള്‍ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുകയാണെങ്കില്‍ അല്ലാഹുവില്‍നിന്ന് മാര്‍ഗ്ഗദര്‍ശനം ലഭിക്കുന്നതാണ്. ഇന്ന് മുസ്‌ലിംകള്‍ തങ്ങളുടെ അവസ്ഥയും ഭൂകമ്പങ്ങളും ആകാശത്തുനിന്നിറങ്ങുന്ന മറ്റു വിപത്തുകളും കണ്ടുള്ള അവരുടെ ചിന്തയും കര്‍മ്മപരമായ അവസ്ഥയും മാറ്റാത്തിടത്തോളം ഒരു പ്രയോജനവും അവര്‍ക്ക് ചെയ്യുകയില്ല. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്, ***അല്ലദീന താബൂ വ അസ്‌ലഹൂ ഉലായിക്ക അതൂബു അലയ്ഹിം വ അനതവ്വാബുര്‍റഹീം*** എന്ന വാര്‍ത്തയും അല്ലാഹു അറിയിച്ചിരുന്നു.

ആരാണോ പശ്ചാത്തപിച്ചുമടങ്ങുന്നത്, തങ്ങളുടെ അവസ്ഥ നന്നാക്കിത്തീര്‍ക്കുന്നത്, അപ്പോള്‍ ഞാനും അവരിലേക്ക് മടങ്ങുന്നതാണ്. ഞാന്‍ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമയനുമാകുന്നു.

അതിനാല്‍ അഹ്മദിയ്യത്തിന്റെ എതിരാളികളും ചിന്തിക്കേണ്ട കാര്യമാണിത്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അവനുമായി പോരാടാന്‍ ആര്‍ക്കും സാധ്യമല്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രവും ജമാഅത്തിന്റെ അഭിവൃദ്ധിയും ഇപ്പോള്‍ ഈ എതിരാളികള്‍ക്ക് മതിയാ

കേണ്ടതാണ്. അല്ലാഹു ഇവരുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. ഈ എതിർപ്പിൽനിന്ന് പിന്മാറിക്കൊണ്ട്, ഈ മസീഹിന്റെയും മഹ്ദിയുടെയും കരങ്ങൾക്ക് ശക്തിപകരാൻ അല്ലാഹു മുഹമ്മദിയ്യ ഉമ്മത്തിലെ ഓരോരുത്തർക്കും തൗഫീഖ് നല്കുമാറാകട്ടെ; അല്ലാഹുവിന്റെ മഗ്ഫിറത്തിന്റെയും റഹ്മത്തിന്റെയും ചാദുറിൻ കീഴിൽ വന്നുകൊണ്ട് തങ്ങളുടെ ദുൻയാവും ആഖിറത്തും സമ്പാദിക്കുന്നവരായിത്തീരുന്നതിനു വേണ്ടിയാണിത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മുഹമ്മദിയ്യ ഉമ്മത്തിന്റെ കാര്യങ്ങളിൽ വലിയ ചിന്തയുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ആ മഹാത്മാവ് എപ്പോഴും ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ നാമമഹത്വവും മാന്യതയും സ്ഥാപിക്കുക എന്നത് ആ മഹാത്മാവിന്റെ ജീവിതോദ്ദേശ്യമായിരുന്നു. ഇക്കാരണത്താൽ ആ മഹാത്മാവിനെ ഇൽഹാമിലൂടെ ഒരു ദുആ ഇങ്ങനെയും പഠിപ്പിച്ചു. ***റബ്ബി അസ്‌ലിഹ് ഉമ്മത്ത മുഹമ്മദിൻ***. എന്റെ റബ്ബേ, മുഹമ്മദിയ്യാ ഉമ്മത്തിനെ പരിഷ്ക്കരിച്ചെടുത്താലും. തീർച്ചയായും അല്ലാഹു ഈ ദുആ പഠിപ്പിച്ചത് അത് സ്വീകരിക്കപ്പെടാനാണ്. ഇൻശാഅല്ലാഹ്. നമ്മൾ നിരാശരല്ല. മുഹമ്മദിയ്യാ ഉമ്മത്ത് മുഴുവനും അല്ലെങ്കിൽ ഭൂരിപക്ഷവും ഈ മുഹമ്മദീ മസീഹിന്റെ കൊടിക്കീഴിൽ അണിനിരക്കും. സാഹചര്യങ്ങൾ വിളിച്ചോതുന്നത് ആ കാലം സമീപസ്ഥമായിരിക്കുന്നുവെന്നാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇൻശാഅല്ലാഹ് ഇത് സംഭവിക്കാൻ പോകുകയാണ്. എന്നാൽ, സാധാരണക്കാരായ ജനങ്ങളെ തെറ്റായ പാതയിലേക്ക് നയിക്കുന്ന മുസ്‌ലിം നേതാക്കന്മാരും ആലിംകളും ചിന്തിക്കേണ്ടിയിരിക്കുന്നു. അവർ തങ്ങളുടെ സ്വഭാവത്തിൽ മാറ്റം വരുത്തുന്നില്ലെങ്കിൽ അല്ലാഹുവിന്റെ പിടിയിൽ അകപ്പെട്ടേക്കാം. കാലം മസീഹിനെ പ്രതീക്ഷിച്ചിരിക്കുകയാണെന്ന് ഒരു ഭാഗത്ത് അവർതന്നെ പറയുന്നു. എന്നല്ല അസ്വസ്ഥരാണ്. എന്നാൽ, വാദിച്ചയാളെ സ്വയം സ്വീകരിക്കുന്നില്ല, എന്നു മാത്രമല്ല മറ്റുള്ളവരെ തെറ്റായ ദിശയിലേക്ക് നയിക്കുകയും ചെയ്യുന്നു. അവരെ കബളിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു.

പാക്കിസ്ഥാനിലെ ഒരു വലിയ മതപണ്ഡിതൻ- ജമാഅത്തിനെ എതിർക്കുന്നതിലും വലിയ ആളാണ്- ഡാക്ടർ ഇസ്റാർ അഹ്മദ് എന്നാണ് അയാളുടെ പേര്. അദ്ദേഹം ഒരിടത്ത് എഴുതുന്നു. കഴിഞ്ഞ നാന്നൂറ് വർഷത്തെ ചരിത്രത്തിലാണ് യഥാർത്ഥവും പ്രബലവുമായ അടിത്തറ നിലകൊള്ളുന്നത്. കഴിഞ്ഞ നാല് നൂറ്റാണ്ടിന്നിടയിൽ, ദീനിന്റെ പരിഷ്ക്കരണത്തിനുള്ള മുഴുവൻ ജോലിയും പാക്കിസ്ഥാനിലും ഇന്ത്യയിലുമാണ് നടന്നത്. ഇക്കാലഘട്ടത്തിൽ എല്ലാ വലിയ മുജദ്ദിദുമാരും ഈ ഭൂഖണ്ഡത്തിൽ ജനിച്ചു. ഇതിൽ നിന്ന്, ദൈവേച്ഛയും ദൈവഭക്തിയും ദീർഘമായ എന്തോ ഒരു പദ്ധതി ഈ ഭൂഖണ്ഡവുമായി ബന്ധപ്പെടുത്തിയിട്ടുണ്ടെന്ന് സ്ഥാപിതമാകുന്നുണ്ട്."

കാര്യം ഇദ്ദേഹം തുറന്നു പറഞ്ഞിട്ടില്ല. പക്ഷേ, ഈ വിവരണത്തിൽനിന്ന്, അവരുടെ പക്കലും ഖാത്തമുൽ ഖുലഫാഅ്, മസീഹ് മൗഊദ് ഈ ഭൂഖണ്ഡത്തിൽ വരാനുള്ള ലക്ഷണങ്ങൾ കാണുന്നുവെന്നത് വ്യക്തമാണ്. അവർ കാര്യങ്ങൾ നോക്കിക്കാണുന്നില്ല. അല്ലാഹുവിന്റെ ഇച്ഛയനുസരിച്ച് വാദിക്കുന്ന ഒരാൾ വാദിച്ചു. ആകാശത്തിലും ഭൂമിയിലും അദ്ദേഹത്തെ പിൻതുണച്ചുകൊണ്ട് ദൃഷ്ടാന്തങ്ങൾ നില്ക്കുകയുമാണ്- എന്നിട്ടും കണ്ണടച്ചുകൊണ്ട് അദ്ദേഹത്തെ എതിർക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഭൗതികത ഇവരുടെ കണ്ണുകളിൽ മറയിട്ടിരിക്കുന്നു. പഠിച്ച അറിവ് മാത്രമെ ഇവർക്കുള്ളൂ. ബാഹ്യത്തിൽ ഇവർ മതപണ്ഡിതന്മാരാണ്. പക്ഷേ, ദൈവികസൂചനകളെ മനസ്സിലാക്കുന്നില്ല. എന്നല്ല, ദൃഷ്ടാന്തങ്ങൾ കണ്ടിട്ടും നിഷേധിക്കുന്നു. തങ്ങളുടെ കണ്ണുകളിൽനിന്ന് മറനീക്കാൻ ഇവർ ആഗ്രഹിക്കുന്നില്ല. ഇവർ ***സുമ്മുൻ ബുക്മുൻ ഉംയുൻ*** എന്നതിന്റെ പ്രതീകങ്ങളായിരിക്കുന്നു. ബധിരരും മൂകരും അന്ധരുമാണ്.

പ്രത്യക്ഷത്തിൽ നോക്കിയാൽ അല്ലാഹു അവർക്ക് അറിവിന്റെ വെളിച്ചം നല്കിയിരിക്കുന്നു. പക്ഷേ, ആ അറിവ് വെളിച്ചത്തിന്റെ മിനാരം ആക്കുന്നതിനു പകരം, വാഗ്ദത്ത മസീഹിനെ എതിർക്കുന്നത് കാരണത്താൽ അവരെ ഏറ്റവും മോശപ്പെട്ട സൃഷ്ടികളാക്കിയിരിക്കുകയാണ്. ഇക്കാലത്തെ ചില ഉലമാക്കളെക്കുറിച്ച് ഹദീഥുമുണ്ട്. അതുകൊണ്ട് ഇവരുടെ മനസ്സ് നിഷ്ക്കളങ്കമാണെങ്കിൽ, യഥാർത്ഥത്തിൽ മുസ്‌ലിം ഉമ്മത്തിന്റെ കാര്യത്തിൽ വേദനയുണ്ടെങ്കിൽ ആത്മാർത്ഥരായിക്കൊണ്ട് അല്ലാഹുവിൽനിന്ന് സ്വന്തം പരിഷ്കരണത്തിനും മാർഗ്ഗദർശനത്തിനും വേണ്ടി ദുആ ചെയ്യുക. ഇല്ലെങ്കിൽ ഇവർ സ്വയം വഴിതെറ്റിക്കൊണ്ടിരിക്കും. തങ്ങളുടെ പിന്നാലെ നടക്കുന്നവരേയും വഴിപിഴപ്പിച്ചുകൊണ്ടിരിക്കും. ഇവരെ നേരായ മാർഗ്ഗത്തിലേക്ക് നയിക്കാൻ ഒരു മസീഹും വരികയില്ല. ഇവരുടെ വിഷമങ്ങൾ പരിഹരിക്കാനും ആരും വരികയില്ല. അല്ലാഹു തആല ഈ സമുദായത്തേയും പരിഷ്കരിക്കുമാറാകട്ടെ. സത്യവാനും അസത്യവാനും തമ്മിലുള്ള വ്യത്യാസവും മനസ്സിലാക്കാൻ അവസരമൊരുക്കട്ടെ.

ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ സഹായങ്ങൾ വ്യക്തമായ നിലയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം കാണാൻ കഴിയുന്നു. ഇത് ആദ്യമേ തന്നെ അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞതാണ്. വിജയത്തിന്റെയും പ്രയത്നസാഫല്യത്തിന്റെയും സുവിശേഷം ആ മഹാത്മാവിന് നല്കപ്പെട്ടിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) താൻ 1893-ൽ കണ്ട ഒരു സ്വപ്നവും തനിക്കുണ്ടായ ഒരു വെളിപാടും വിവരിച്ചുകൊണ്ടു പറയുന്നു.

"ഞാൻ സ്വപ്നത്തിൽ കണ്ടു, ആരോ എന്നോട് ഒന്നാ

മതായി പറയുന്നു, എന്റെ പേര് ഫത്ഹ് എന്നും സ്വഫർ എന്നുമാണെന്ന്. പിന്നീട് ***അസ്‌ലഹല്ലാഹു അംരീ കുല്ലഹൂ*** എന്ന വാക്കുകൾ നാവിലൂടെ പുറത്തുവന്നു. അതായത് അല്ലാഹു എന്റെ എല്ലാ ജോലിയും ശരിയാക്കിത്തരുന്നതാണ്."

ആ മഹാത്മാവിന്റെ ഈ വാദം അദ്ദേഹം വഫാത്തായി നൂറുവർഷം കഴിഞ്ഞിട്ടും വ്യക്തമായി പുലർന്നു കാണുന്നത് തന്റെ വാദത്തിൽ അദ്ദേഹം സത്യവാനാണെന്നതിന് തെളിവല്ലേ? അല്ലാഹു ലോകരുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. അവർ എന്തെങ്കിലും നാശം വിളിച്ചുവരുത്തുന്നതിനുപകരം, എത്രയും വേഗം സ്വീകരിക്കാൻ ഉതകുന്ന ദൃഷ്ടാന്തം കാണുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഒരു ഇൽഹാമാണ് ***അസ്‌ലിഹ് ബയനീ വ ബയ്നഇഖ്‌വത്തീ***. ആ മഹാത്മാവ് പറയുന്നു. ഈ ഇൽഹാമിന്റെ അർത്ഥം, അല്ലാഹു എന്നിലും എന്റെ സഹോദരങ്ങളിലും പരിവർത്തനമുണ്ടാക്കിയാലും എന്നാണ്.

***ഖർറു അലൽഅദ്ഖാനീ സുജ്ജദാ. റബ്ബനഗ്ഫിർലനാ ഇന്നാകുന്നാ ഖാതിഈൻ. തല്ലാഹി ലഖദ് ആഥറക്കല്ലാഹു അലയ്നാ വഇൻകുന്നാ ലഖാത്തിഈൻ- ലാതഥ് രീബ അലയ്ക്കുമുൽയൗമ- യഗ്ഫിറുല്ലാഹു ലക്കും വഹുവ അർഹമർറാഹിമീൻ***. ആ മഹാത്മാവ് തന്നെയെഴുതുന്നു. "ചില കഠിനവിരോധികളുടെ പര്യവസാനമായിരിക്കുമിത്. അവർ ചില അടയാളങ്ങൾ കണ്ട് അല്ലാഹുവിന്റെ മുമ്പിൽ സുജൂദിൽ വീഴും. അല്ലാഹുവേ, ഞങ്ങളുടെ പാപം പൊറുത്തുതന്നാലും. ഞങ്ങൾ തെറ്റിലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. എന്നോടു അവർ പറയും, അല്ലാഹുവാണ! അല്ലാഹു ഞങ്ങളുടെമേൽ നിങ്ങൾക്ക് ശ്രേഷ്ഠത നല്കി. നിന്നെ തിരഞ്ഞെടുത്തു. ഞങ്ങൾ തെറ്റിലായിരുന്നു; നിന്നെ എതിർത്തു. ഇതിനുള്ള മറുപടി ഇങ്ങനെയായിരിക്കും. ഇന്ന് നിങ്ങളുടെമേൽ ഒരു ശിക്ഷയുമില്ല. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരും. അവൻ കരുണ ചെയ്യുന്നവരിൽ കരുണ ചെയ്യുന്നവനാണ്." ഈ എതിർപ്പിന്റെ പര്യവസാനം പറഞ്ഞ ഇൽഹാമിന്റെ അനുബന്ധമാണ് മുകളിൽ പറഞ്ഞ ഇൽഹാം എന്ന് മനസ്സിലാകുന്നു. ഇതുണ്ടാകുന്നത് വലിയ വലിയ ദൃഷ്ടാന്തങ്ങൾ പ്രകടമാകുമ്പോഴായിരിക്കും. അവസാനം സൗഭാഗ്യവാന്മാരുടെ മനസ്സുകൾ തുറക്കപ്പെടും. അവർ മനസ്സിൽ പറയും; "ഇതിനേക്കാൾ കൂടുതൽ ദൃഷ്ടാന്തം എന്തെങ്കിലും സത്യവാനായ മസീഹിന് കാണിക്കാൻ കഴിയുമോ? അല്ലെങ്കിൽ ഇതിനേക്കാൾ കൂടുതൽ അദ്ദേഹം സഹായിക്കപ്പെടുമായിരുന്നോ? അപ്പോൾ പെട്ടെന്ന് അദൃശ്യത്തിൽനിന്ന് സ്വീകാര്യത്തിന്നായി അവരിൽ ശക്തിയുണ്ടാകും. അവർ സത്യത്തെ സ്വീകരിക്കുകയും ചെയ്യും."

കഠിനമായ അടയാളങ്ങൾ കാണിക്കുന്നതിനു മുമ്പേ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിക്കാൻ അല്ലാഹു ജനങ്ങൾക്ക് തൗഫീഖ് നല്കട്ടെ എന്നാണ് നമ്മുടെ പ്രാർത്ഥന. ഈ സത്യത്തെ അവർ സ്വീകരിക്കുന്നവരായിത്തീരട്ടെ. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

***വസ്തഫ്തഹൂ വ ഖാബ കുല്ലു ജബ്ബാരിൻ അനീദ്***
അവർ അല്ലാഹുവിനോട് വിജയം ചോദിച്ചു. അതിന്റെ ഫലമായി ദുർവാശിക്കാരായ എല്ലാ സ്വേച്ഛാധികാരികളും പരാജയപ്പെട്ടു (14:16).

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെ വിശദീകരിച്ചുകൊണ്ട് പറയുന്നു: ദൈവനിയോഗിതൻ പീഡിപ്പിക്കപ്പെടുന്നുവെന്നത് അല്ലാഹുവിന്റെ സുന്നത്താണ്. അവരെ വിഷമിപ്പിക്കുന്നു. ബുദ്ധമിട്ടിനുമേൽ ബുദ്ധിമുട്ടുകൾ അവരുടെ മുമ്പിൽ വരുന്നു. അവർ നശിക്കാൻ വേണ്ടിയല്ല അത്; മറിച്ച് ദൈവസഹായം ആകർഷിച്ചെടുക്കുന്നതിനുവേണ്ടിയാണ്. ഇക്കാരണത്താലാണ് നബി (സ) തിരുമേനിയുടെ മക്ക ജീവിതം, മദീന ജീവിതം വെച്ചുനോക്കുമ്പോൾ ദീർഘമായത്. മക്കയിൽ 13 വർഷം കഴിഞ്ഞു; മദീനയിൽ 10 വർഷവും. ഈ ആയത്തിൽ പറഞ്ഞതുപോലെതന്നെ. ഓരോ നബിയോടും ദൈവനിയോഗിതനോടും ഈ പെരുമാറ്റം തന്നെയാണുണ്ടായിട്ടുള്ളത്. അതായത് ആദ്യകാലങ്ങളിൽ അവരെ വിഷമിപ്പിച്ചിരുന്നു. ചതിയൻ, വഞ്ചകൻ, ഷാപ്പുകാരൻ തുടങ്ങി എന്തൊക്കെയാണ് പറയാത്തത്. (ഇതുതന്നെ ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും പറയുന്നു) അവർക്കിടാത്ത ഒരു പേരുമില്ലായിരുന്നു. ആ നബിയും ദൈവനിയോഗിതനും എല്ലാം സഹിച്ചു. എല്ലാ ദുഃഖങ്ങളും ഏറ്റുവാങ്ങി. പക്ഷേ, പാരമ്യതയിലെത്തുമ്പോൾ, മനുഷ്യകുലത്തിനോടുള്ള സഹതാപത്തിനായി രണ്ടാമത്തെ ദിവ്യശക്തി വെളിപ്പെടുന്നു. ഇപ്രകാരമാണ് റസൂൽ(സ)നെ എല്ലാതരത്തിലും വിഷമിപ്പിച്ചത്. ആ മഹാത്മാവിന് എല്ലാത്തരം ചീത്തപ്പേരുമിട്ടു. അവസാനം ആ മഹാത്മാവിന്റെ ശ്രദ്ധ അതിൽ ശക്തിചെലുത്തി. അത് അതിന്റെ പാരമ്യതയിലെത്തി; ***ഇസ്തഫതഹൂ*** എന്നതിൽ പറഞ്ഞതുപോലെതന്നെ. തൽഫലമായി '***വ ഖാബ കുല്ലു ജബ്ബാരിൻ അനീദ്***' ദ്രോഹികളും ദ്രോഹപ്രവർത്തനങ്ങൾ ചെയ്യുന്നവരുമായ എല്ലാവരും നശിച്ചൊടുങ്ങി. ഈ ശ്രദ്ധയുണ്ടാകുന്നത്, എതിരാളികൾ അവരുടെ എതിർപ്പ് പാരമ്യതയിലെത്തിക്കുമ്പോഴാണ്. കാരണം ആദ്യംതന്നെ ഇതുണ്ടായാൽ പെട്ടെന്ന് നശിച്ചുപോകുന്നു. മക്ക ജീവിതത്തിൽ ഏകനായ അല്ലാഹുവിന്റെ മുമ്പിൽ വീഴുകയും നിലവിളിക്കുകയും വേണമായിരുന്നു. അതെത്രത്തോളമായി എന്നുവെച്ചാൽ, കാണുന്നവരുടെയും കേൾക്കുന്നവരുടേയും ശരീരത്തിൽ ഇളക്കമുണ്ടാകുമായിരുന്നു. എന്നാൽ, അവസാനം മദനീ ജീവിതത്തിന്റെ പ്രതാപം നോക്കുക, ദ്രോഹപ്രവർത്തനങ്ങളിൽ തിമിർത്താടിയിരുന്നവരും കൊല്ലാനും പുറത്താക്കാനുമുള്ള പദ്ധതി

കൾ ആസൂത്രണം ചെയ്തിരുന്നവരുമെല്ലാം നശിച്ചൊടുങ്ങി. ബാക്കിയുള്ളവർക്ക് തങ്ങൾ ചെയ്ത തെറ്റുകൾക്ക് അതീവ വിനയത്തോടെ മാപ്പ് ചോദിക്കേണ്ടിയും വന്നു."

അല്ലാഹു മുസ്‌ലിം സമുദായത്തിന്റെ മേലും കരുണ ചൊരിയുമാറാകട്ടെ. അവരിലെ ഭൂരിഭാഗവും ഈ ചരിത്രം കണ്ടുകൊണ്ട്, ആ സംഭവങ്ങൾ കണ്ടുകൊണ്ട് മർദ്ദിതരാകുന്നതിനു പകരം മർദ്ദകരായിക്കൊണ്ട് അക്രമത്തിന്റെ അടുത്തേക്ക് പോകുകയാണ്. കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉദാഹരണം പറഞ്ഞത്, ഇക്കാലത്തും അതുതന്നെ ആവർത്തിക്കപ്പെടുന്നുവെന്നാണ്. ഒരു മുസ്‌ലിം, മസീഹിനെയും മഹ്ദിയേയും വിശ്വസിക്കുന്നില്ല; അമുസ്‌ലിം നബി(സ)യെ വിശ്വസിക്കാത്തതുപോലെ. ഈ എല്ലാ കാര്യവും, അതിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുന്നില്ലെങ്കിൽ നാശത്തിലേക്കാണ് അവരെ കൊണ്ടുപോകുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ആരെങ്കിലും ഞാൻ പറയുന്ന കാര്യങ്ങൾ സദ്ഭാവനയോടെ കേൾക്കുകയോ ദുർഭാവനയോടെ കേൾക്കുകയോ ചെയ്തുകൊള്ളട്ടെ. പക്ഷേ, ഞാൻ അങ്ങേയറ്റം നന്മ കാംക്ഷിച്ചുകൊണ്ടാണ് പറയുന്നതെന്ന് അല്ലാഹു അറിയുന്നു. എന്നാൽ, ഞാൻ പറയുന്നു: ആരാണോ പരിഷ്ക്കർത്താവാകാൻ ആഗ്രഹിക്കുന്നത്, അവൻ ആദ്യമേ വെളിച്ചം പ്രാപിച്ചവനായിരിക്കേണ്ടതാണ്. തന്നെ പരിഷ്കരിക്കേണ്ടതാണ്.

ഇന്ന് പരിഷ്കരിക്കാൻ ഓടിനടക്കുന്നവർ ഓർമ്മിക്കേണ്ട കാര്യമാണിത്. ഈ സൂര്യൻ ദീപ്തമാണ്. ആദ്യം ഇത് സ്വയം പ്രകാശം സമ്പാദിച്ചു. ഓരോ സമുദായത്തിന്റേയും ഉസ്താദുമാർ ഇതേ പാഠമാണ് നല്കിയിരുന്നതെന്ന്. ഞാൻ തീർച്ചയായും മനസ്സിലാക്കുന്നു. പക്ഷേ, ഇപ്പോൾ മറ്റുള്ളവരെ ലാത്തികൊണ്ടടിക്കുക എന്നത് എളുപ്പമാണ്; പക്ഷേ, സ്വയം ത്യാഗം വരിക്കുക എന്നത് പ്രയാസകരമായിത്തീർന്നിരിക്കുന്നു. ജനതയെ പരിഷ്കരിച്ചെടുക്കാൻ ആഗ്രഹിക്കുന്നവർ, നന്മ പ്രവർത്തിക്കുന്നവർ, സ്വന്തം പരിഷ്കരണത്തിലൂടെ അതാരംഭിക്കട്ടെ. പഴയകാലത്തെ ഋഷിമാരും അവതാരങ്ങളും കാട്ടിലും വനത്തിലും പോയി തങ്ങളെ പരിഷ്കരിച്ചെടുത്തതെന്തിനാണ്. അവർ ഇക്കാലത്തെ പ്രസംഗകരെപ്പോലെ വായ തുറക്കുമായിരുന്നില്ല; സ്വയം അതനുസരിച്ച് പ്രവർത്തിക്കാതെ. ഇതാണ് അല്ലാഹുവിന്റെ സാമീപ്യത്തിന്റെയും സ്നേഹത്തിന്റെയും മാർഗ്ഗം. ഹൃദയത്തിലൊന്നുംവയ്ക്കാത്തവന്റെ വിവരണം ഭിത്തിയിലെ പാത്തിയിലൂടെ ഒലിച്ചിറങ്ങുന്ന വെള്ളം പോലെയാണ്. അത് കലഹമുണ്ടാക്കുന്നു. എന്നാൽ, പ്രകാശവും ദൈവജ്ഞാനവും കർമ്മവും നിറച്ച് സംസാരിക്കുന്നവർ കാരുണ്യമായി മനസ്സിലാക്കപ്പെടുന്ന മഴപോലെയാണ്."

പറയുന്നു: എന്റെ ഉപദേശമനുസരിച്ച് പ്രവർത്തിക്കുക. സ്വയം വിഷം തിന്നവൻ, മറ്റുള്ളവന് ബാധിച്ച വിഷം എങ്ങനെ ചികിത്സിക്കാനാണ്. ഇനി ചികിത്സിക്കുകയാണെങ്കിൽ സ്വയം മരിക്കും, മറ്റവനെ കൊല്ലുകയും ചെയ്യും. കാരണം വിഷം അവന്റെ ശരീരത്തെ ബാധിച്ചുകഴിഞ്ഞിരിക്കുന്നു. ചികിത്സിക്കുന്നവന്റെ ബോധം നിലനില്ക്കാത്ത കാരണത്താൽ, ചികിത്സ ഫലപ്രദമാകുന്നതിനു പകരം ഹാനികരമായിരിക്കും. തങ്ങളുടെ നാവ് അണച്ച് മൂർച്ചകൂട്ടാൻ പഠിച്ചിട്ടുള്ളവർ തന്നെയാണ് ഭിന്നിപ്പുകൾ വളരാൻ കാരണം."

വീണ്ടും പറയുന്നു: എന്റെ ദൃഷ്ടിയിൽ പരിശുദ്ധനാകാനുള്ള ഉത്തമമാർഗ്ഗമാണിത്. ഇതിനേക്കാൾ നല്ല മറ്റൊരു മാർഗ്ഗം കിട്ടുക സംഭാവ്യമല്ല. അതായത് മനുഷ്യൻ ഒരുതരത്തിലുള്ള അഹങ്കാരവും അഹന്തയും കാണിക്കാതിരിക്കുക; അറിവുപരമോ, കുടുംബപരമോ സാമ്പത്തികപരമോ ആയ ഒരു കാര്യത്തിലും. അല്ലാഹു കണ്ണു നല്കിയിട്ടുള്ളവൻ ഈ അന്ധകാരങ്ങളിൽനിന്ന് മോക്ഷം നല്കുന്ന ഓരോ പ്രകാശവും ദൈവസവിധത്തിൽനിന്നാണ് വരുന്നതെന്ന് കാണുന്നു. മനഷ്യൻ എപ്പോഴും ആകാശത്തുനിന്നുള്ള പ്രകാശത്തെ ആശ്രയിച്ചുനില്ക്കുന്നവനാണ്. ആകാശത്തുനിന്ന് വരുന്ന സൂര്യന്റെ പ്രകാശമില്ലെങ്കിൽ കണ്ണുകൾക്ക് ഒന്നും കാണാൻ സാധിക്കുകയില്ല. ഇപ്രകാരംതന്നെ, ഓരോ ഇരുട്ടിനേയും ദൂരീകരിക്കുന്ന മറ്റു പ്രകാശങ്ങളും, ഇരുട്ടിനുപകരം ദൈവഭയവും ദൈവപ്രകാശവും ഉണ്ടാക്കുന്ന ഓരോ പ്രകാശങ്ങളും ആകാശത്തുനിന്ന് തന്നെയാണ് വരുന്നത്. ഞാൻ സത്യമായും സത്യമായും പറയുന്നു, മനുഷ്യന്റെ ദൈവഭയവും വിശ്വാസവും ആരാധനയും പരിശുദ്ധിയുമെല്ലാം ആകാശത്തുനിന്നാണ് വരുന്നത്. ഇത് അല്ലാഹുവിന്റെ അനുഗ്രഹവുമായി ബന്ധപ്പെട്ടതാണ്. അവനിച്ഛിച്ചാൽ അത് നിലനിറുത്താം. ഇല്ലെങ്കിൽ അകറ്റിക്കളയാം. മനുഷ്യൻ തന്നെ ക്രൂശിക്കപ്പെട്ടവനെന്നും ഒന്നിനും കൊള്ളരുതാത്തവനെന്നും മനസ്സിലാക്കുന്നതിനെയാണ് സത്യമായ ദൈവജ്ഞാനം എന്നു പറയുന്നത്. അതായത് താനൊന്നുമല്ല എന്ന് മനസ്സിലാക്കുക. ദൈവസവിധത്തിൽ വീണ് വിനയത്തോടും താഴ്മയോടുംകൂടി അല്ലാഹുവിന്റെ ഫള്ൽ ചോദിക്കുക. ശാരീരിക വികാരങ്ങളെ കത്തിച്ചുകളയുന്ന ആ തിളങ്ങുന്ന ദൈവജ്ഞാനം അവനോട് ചോദിക്കുക. അത് ഉള്ളിൽ ഒരു വെളിച്ചവും നന്മ ചെയ്യാനുള്ള കരുത്തും ഒരു ചൂടും സൃഷ്ടിക്കുന്നു. അവന്റെ അനുഗ്രഹത്താൽ അത്തരം മനുഷ്യന് അത് കിട്ടിയാൽ, സംതൃപ്തി ലഭിച്ചാൽ, അതിൽ അഹങ്കരിക്കാതിരിക്കുക. പൊങ്ങച്ചം കാണിക്കാതിരിക്കുക. എന്നല്ല താഴ്മയിലും വിനയത്തിലും കൂടുതൽ അഭിവൃദ്ധിപ്പെടുക. കാരണം എത്രത്തോളം അവൻ തന്നെ ഒന്നുമല്ല എന്നു മനസ്സിലാക്കുന്നോ അത്രത്തോളം അവസ്ഥയും പ്രകാശവും അല്ലാഹുവിൽനിന്നിറങ്ങും; അത് അവന് വെളിച്ചവും

ശക്തിയും പകരും. മനുഷ്യൻ ഈ വിശ്വാസം വെച്ചു പുലർത്തുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ ആധ്യാത്മികാവസ്ഥ നന്നായിത്തീരുമെന്ന് പ്രതീക്ഷിക്കുന്നു. ദുൻയാവിൽ താനെന്തൊക്കെയോ ആണെന്ന് കരുതുന്നതും അഹങ്കാരമാണ്. ഈ അവസ്ഥയിലെത്തിയാൽ, മറ്റുള്ളവർ അവന്റെ മേൽ ശാപം ചൊരിയും. ഒന്നിനും കൊള്ളാത്തവനായി മനസ്സിലാക്കുകയും ചെയ്യും."

ഇക്കാലത്തെ ഉലമാഅ്ന്റെ അവസ്ഥ ഇതുതന്നെയാണ്. അതിനാൽ സ്വന്തം പരിഷ്കരണത്തിനായി, അല്ലാഹു പറഞ്ഞ മാർഗ്ഗങ്ങൾ സ്വായത്തമാക്കേണ്ട ആവശ്യമാണ് ഇന്നുള്ളത്. വിനയവും താഴ്മയും സ്വീകരിച്ചുകൊണ്ട് സ്വന്തം നന്മയ്ക്കായി ശ്രമിക്കേണ്ടതാണ്. സ്വന്തം കൈബലത്തിലാണ് വിശ്വാസമെങ്കിൽ, സ്വന്തം അറിവാണ് എല്ലാമെന്ന് കരുതുകയാണെങ്കിൽ അത്തരം ആളുകൾ അഹങ്കാരികളെന്നും ബലാൽക്കാരികളെന്നും പറയപ്പെടും. അവർ പരിഷ്കരിക്കപ്പെട്ടവരോ അല്ലാഹുവിൽനിന്ന് അനുഗ്രഹം ലഭിക്കുന്നവരോ ആകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഫലപ്രദവും ഫലദായകവുമായ പരിഷ്കരണത്തിന്റെ രീതി, അല്ലാഹുവിന്റെ കല്പനയോടും നിർദ്ദേശത്തോടും കൂടിയുള്ളതാണ്. ഛിന്നഭിന്നമായ ജനതയുടെ പരിഷ്കരണം ഓരോ വ്യക്തിയുടേയും സാങ്കല്പികമായ പദ്ധതിയും ആസൂത്രണവുംകൊണ്ട് നടക്കുമായിരുന്നെങ്കിൽ, നബിമാർ(അ) ലോകത്ത് വരേണ്ട ഒരാവശ്യവും ഉണ്ടാകുമായിരുന്നില്ല. ഒരു രോഗിയെക്കുറിച്ച് പൂർണ്ണമായും പഠിക്കാത്തിടത്തോളം, നല്ല ചികിത്സ നല്കാൻ പറ്റുകയില്ല. വിജയമുണ്ടാവുകയുമില്ല. അത്തരം രോഗനിർണ്ണയം കാരണമാണ് ഇസ്‌ലാമിന്റെ അവസ്ഥ ദുർബലമായിക്കൊണ്ടിരിക്കുന്നത്. അവർ അതിന്റെ രോഗം കണ്ടുപിടിച്ചില്ല. സ്വന്തം നേട്ടം മുന്നിൽവച്ചുകൊണ്ട് അതിനെ തോന്നിയപോലെ ചികിത്സിക്കാൻ തുടങ്ങി. എന്നാൽ നിശ്ചയമായും ഓർക്കുക. ഈ രോഗവും, ഇതിനുള്ള ചികിത്സയും ഇവർക്കറിയില്ല. ഇതിനെ തിരിച്ചറിയുന്നത്, ഇതിന്റെ ചികിത്സയ്ക്കായി അല്ലാഹു അയച്ചയാളാണ്. അത് ഞാനാകുന്നു."

വീണ്ടും പറയുന്നു: നല്ലവണ്ണം ഓർമ്മിച്ചുകൊള്ളുക. ഖൽബുകളുടെ പരിഷ്കരണം ഖൽബുകൾ സൃഷ്ടിച്ചവന്റെ ജോലിയാണ്. വെറും വാചകങ്ങൾ കൊണ്ടോ കൊഴുപ്പുള്ള പ്രസംഗങ്ങൾ കൊണ്ടോ പരിഷ്കരിക്കാൻ സാധ്യമല്ല. മറിച്ച്, ആ വാചകങ്ങളുടെ ഉള്ളിൽ ഒരു ആത്മാവുണ്ടാകണം. വിശുദ്ധഖുർആൻ പാരായണം ചെയ്തിട്ട്, ഹിദായത്ത് ആകാശത്തുനിന്നാണ് വന്നതെന്നുപോലും മനസ്സിലാക്കാത്തവൻ എന്താണ് പിന്നെ മനസ്സിലാക്കിയത്. ***അലംയഅ്തിക്കം നദീർ***. നിങ്ങളുടെയടുക്കൽ മുന്നറിയിപ്പുകാരാരും വന്നിരുന്നില്ലേ? ഇത് ചോദിക്കുന്ന അവസരത്തിലാണ് മനസ്സിലാകുക. യാഥാർത്ഥ്യമെന്താണെന്നുവെച്ചാൽ, ***ഖുദാ റാ ബഖുദാ തവാൻ ശനാഖ്ത്ത്*** അല്ലാഹുവിനെ അല്ലാഹു മുഖേന മാത്രമെ തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. ഈ മാർഗ്ഗം ഇമാമിനെ കൂടാതെ ലഭിക്കുകയില്ല. കാരണം അദ്ദേഹം അല്ലാഹുവിന്റെ പുതിയ പുതിയ അടയാളങ്ങളുടെ പ്രതീകവും അവന്റെ ജ്യോതിസ്സുകളെ വഹിക്കുന്നവനുമാണ്. ഇക്കാരണത്താലാണ് ഹദീഥ് ശരീഫിൽ വന്നിട്ടുള്ളത്, ***മൻലം യഅ്രിഫ് ഇമാമ സമാനിഹി ഫഖദ മാത്ത മീത്തത്തുൽജാഹിലിയ്യ***. കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്തവൻ, ജഹാലത്തിന്റെ മരണം വരിച്ചു. അല്ലാഹു ലോകത്തിനും ഈ ഇമാമിനെ സ്വീകരിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ; അല്ലാഹുവിന്റെ പിടിയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി. ഖുത്ബകൾ കേൾക്കുന്ന അന്യരായ ഒരുപാടാളുകൾ ഉണ്ട്. ചിലർ ആകർഷിക്കപ്പെട്ടവരാണ്. പക്ഷേ, ഭയം കാരണം സ്വീകരിക്കാൻ കഴിയുന്നില്ല. എം.ടി.എ കാണുന്ന കാരണത്താൽ പലർക്കും ജമാഅത്തിൽ ചേരാൻ അല്ലാഹു തൗഫീഖ് നല്കുന്നു. വിട്ടുനില്ക്കുന്നവർ ലോകത്തെ ഭയപ്പെടുന്നതിനു പകരം കാലത്തിന്റെ ശബ്ദം കേൾക്കേണ്ടതാണ്. മസീഹ് മൗഊദ്(അ) മുഖേന അവരിലേക്കെത്തുന്ന അല്ലാഹുവിന്റെ ശബ്ദത്തിന് ചെവി കൊടുക്കേണ്ടതാണ്.

ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നുവെന്ന് വാദിക്കുന്ന നമുക്ക് വേണ്ടതായ നിലയിൽ പരിഷ്കരണം നടത്താൻ അല്ലാഹു തൗഫീഖ് നല്കട്ടെ. നമ്മൾ വിനയത്തോടെ അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാകട്ടെ. നമ്മുടെ ഹൃദയത്തെ എപ്പോഴും തിളക്കമുള്ളതാക്കി വയ്ക്കട്ടെ. അല്ലാഹുവിന്റെ ഫലമെടുക്കുന്നവരായിത്തീരട്ടെ. ഈ പ്രകാശങ്ങളിൽനിന്ന് എന്നും ഫലമെടുക്കുന്നവരായിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 23.5.2008 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123, 9746058636. Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala